I ഇ.ബി. XV - കേരള നിയമസഭ/IX-3

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ആഗസ്റ്റ് 09, ബുധൻ

നിയമസഭ രാവിലെ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്ര ചിഹ്നമിടാത്ത 2440-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 27-02-2023-ലെ 2440-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

### ശ്രീ. തോമസ് കെ. തോമസിനെതിരെയുള്ള ഗൂഢാലോചന

മി. സ്പീക്കർ: കുട്ടനാട് എം.എൽ.എ. ശ്രീ. തോമസ് കെ. തോമസിനെ കൊലപ്പെടുത്താൻ സ്വന്തം പാർട്ടിക്കാർ ഗൂഢാലോചന നടത്തുന്നു എന്ന അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ക്രമസമാധാനനില സംബന്ധിച്ച് ജനങ്ങളിലുളവായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം. വിൻസെന്റ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുട്ടനാട് എം.എൽ.എ. ശ്രീ. തോമസ് കെ. തോമസിന്റെ ഡ്രൈവറെ സ്വാധീനിച്ച് റെജി ചെറിയാൻ എന്ന ആൾ എം.എൽ.എ.-യെ അപായപ്പെടുത്താനും കള്ളക്കേസിൽക്കുടുക്കാനും പദ്ധതിയിട്ടിരുന്നതായി പറയപ്പെടുന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എം.എൽ.എ.-യുടെ പരാതിയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ നിയമനടപടി കൈക്കൊള്ളുന്നതിനും

സുരക്ഷയൊരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: കുട്ടനാട് എം.എൽ.എ.-യെ നിരന്തരം അപമാനിക്കാനും ജാമ്യമില്ലാത്ത വകുപ്പുകളിൽപ്പെടുത്തി ജയിലിലടയ്ക്കാനും ഡ്രൈവറെ സ്വാധീനിച്ച് കൊലപ്പെടുത്താനും ശ്രമിച്ചിട്ടും 7-08-2023-ന് പരാതി ലഭിച്ചപ്പോൾ മാത്രമാണ് പോലീസ് അന്വേഷണം നടത്താൻ തയ്യാറായത്. തിരുവനന്തപുരത്തുനിന്നും കുട്ടനാട്ടിലേയ്ക്കുള്ള യാത്രാമദ്ധ്യേ അദ്ദേഹം സഞ്ചരിച്ചിരുന്ന വാഹനം പാടത്തേയ്ക്ക് തള്ളിയിട്ട് മുക്കിക്കൊല്ലാനും യാദൃശ്ചികമായി വെള്ളത്തിൽ വീണ് അപകടം പറ്റിയെന്ന് വരുത്തിത്തീർക്കാനും നീക്കമുണ്ടായി. രണ്ട് തവണ ജാമ്യമില്ലാത്ത കള്ളക്കേസിൽ കുടുക്കിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചപ്പോൾത്തന്നെ അന്വേഷണം നടത്തി ഗൂഢാലോചന നടത്തിയവരെ ശിക്ഷിച്ചിരുന്നെങ്കിൽ എം.എൽ.എ.-ക്കെതിരെ വധശ്രമം ഒഴിവാക്കാമായിരുന്നു. ഒരംഗത്തിന്റെ ജീവന് ഭീഷണിയുണ്ടെന്നും കൊലപ്പെടുത്താൻ ശ്രമിക്കുകയാണെന്നും അറിയിച്ചിട്ടും പരാതി ലഭിക്കുന്നതുവരെ പോലീസ് നടപടി സ്വീകരിക്കാതിരുന്നത് ജനപ്രതിനിധികൾക്കുമാത്രമല്ല സാധാരണക്കാരിലും ജീവഭയമുണ്ടാക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ഞാൻ പരാതി നൽകിയ അവസരത്തിൽത്തന്നെ പോലീസിന്റെ സമയോചിതമായ ഇടപെടലുണ്ടായതുകൊണ്ടുമാത്രമാണ് എനിക്ക് ധൈര്യത്തോടെ ഇവിടെ നിൽക്കാൻ സാധിക്കുന്നത്. ഇക്കാര്യം മുഖ്യമന്ത്രിയെ അറിയിക്കേണ്ട ചുമതലയുള്ളതുകൊണ്ടാണ് അദ്ദേഹത്തെ അറിയിച്ചത്. എം.എൽ.എ. എന്ന നിലയിൽ എന്നെ സംബന്ധിച്ച് ഈ വിഷയം അടിയന്തര പ്രാധാന്യമുള്ളതായതിനാലാണ് ഡി.ജി.പി. തലത്തിൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടത്. പോലീസ് നല്ല രീതിയിൽ അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ശ്രീ. തോമസ് കെ. തോമസിന് പോലീസിനെക്കുറിച്ചോ, ഗവൺമെന്റിനെക്കുറിച്ചോ പരാതിയില്ലെന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നും ബോദ്ധ്യപ്പെട്ടത്. തെറ്റ് ചെയ്യുന്നവർ ഉന്നതരായാലും പോലീസ് ശക്തമായ നടപടി സ്വീകരിക്കും. ഒരു കുറ്റവാളിയെയും രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അക്കാര്യം ശ്രീ. തോമസ് കെ. തോമസിന് വിശ്വാസമുണ്ടെന്ന് പ്രസ്താവന നടത്തിയ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.

## III ശ്രദ്ധ ക്ഷണിക്കൽ

(1) എസ്.എസ്.എൽ.സി. പാസ്സായവർക്ക് തുടർപഠനം ഉറപ്പുവരുത്തൽ

ശ്രീ. എം. വിജിൻ: എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഹരിക്കുന്നതിന് പുതിയ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോ; വി.എച്ച്.എസ്.സി. ഉൾപ്പെടെ 2023-24-ൽ പ്ലസ് വൺ പ്രവേശനത്തിന് ലഭിച്ച അപേക്ഷകളുടെയും പ്രവേശനം ലഭിച്ചവരുടെയും എണ്ണം എത്രയാണ്; പ്രവേശനം ലഭ്യമായവർക്ക് ആഗ്രഹിച്ച കോഴ്സുകളിൽ പ്രവേശനം ലഭ്യമായിട്ടുണ്ടോ; അപേക്ഷകരിൽ 'എ പ്ലസ്' നേടിയവർ എത്ര; അവർക്കെല്ലാം പ്രവേശനം ലഭ്യമായിട്ടുണ്ടോ തുടങ്ങിയുള്ള

വിവരങ്ങൾ വ്യക്തമാക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്ലസ് വൺ പ്രവേശനത്തിനായി ആദ്യഘട്ടത്തിൽ ലഭിച്ച 460147 അപേക്ഷകളിൽ മറ്റ് ജില്ലകളിൽനിന്നുള്ള 42602 അപേക്ഷകളൊഴിവാക്കിയാൽ 417545 അപേക്ഷകർക്കാണ് പ്രവേശനം ഉറപ്പാക്കേണ്ടിയിരുന്നത്. വിവിധ അലോട്ട്മെന്റുകൾ പൂർത്തീകരിച്ചപ്പോൾ മെറിറ്റ് ക്വാട്ടയിൽ 298997 പേരും സ്പോർട്ട്സ് ക്വാട്ടയിൽ 3917 പേരും കമ്മ്യൂണിറ്റി ക്വാട്ടയിൽ 20585 പേരും മാനേജ്മെന്റ് ക്വാട്ടയിൽ 34107 പേരും അൺഎയ്ഡഡ് ക്വാട്ടയിൽ 26932 പേരും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 26619 പേരും ഉൾപ്പെടെ ആകെ 411157 വിദ്യാർത്ഥികളാണ് പ്ലസ് വൺ പ്രവേശനം നേടിയത്. സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് കഴിഞ്ഞ വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ 81 താൽക്കാലിക ബാച്ചുകളും മാർജിനൽ സീറ്റ് വർദ്ധനവും ഈ അദ്ധ്യയനവർഷവും തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ 14 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടില്ലാത്ത ബാച്ചുകൾ മലബാർ മേഖലയിലെ 14 സർക്കാർ

സ്കൂളുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ വർഷത്തെ ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശന നടപടികളിലെ മൂന്ന് അലോട്ട്മെന്റും ഒന്നും രണ്ടും സപ്ലിമെന്ററി അലോട്ട്മെന്റുകൾക്കുശേഷമുള്ള സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറും പൂർത്തിയായിട്ടുള്ളതും മൂന്നാമത്തെ സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച് പ്രവേശനം ആഗസ്റ്റ് 8 വരെ അനുവദിച്ചിട്ടുള്ളതുമാണ്. ഈ വർഷത്തെ പ്രവേശന നടപടികൾ ആഗസ്റ്റ് 21-ന് അവസാനിപ്പിക്കുന്നതാണ്. എല്ലാ കുട്ടികൾക്കും ആഗ്രഹിച്ച വിഷയവും സ്കൂളും ലഭിച്ചിട്ടില്ല. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച 70893 പേർക്കും പ്രവേശനം നൽകിയിട്ടുണ്ട്. ആഗസ്റ്റ് 21-ാം തീയതിയോടെ പ്ലസ് വൺ പ്രവേശനം അവസാനിപ്പിച്ചതിനുശേഷം സ്കൂളുകളിൽ അധിക സീറ്റുകളുണ്ടെങ്കിൽ അതത് സ്കൂളിലെ പ്രിൻസിപ്പാളിന്റെ വേക്കൻസി സർട്ടിഫിക്കറ്റുമായി അപേക്ഷ നൽകിയാൽ അവർക്ക് പ്രത്യേക അനുവാദം നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## (2) വിദൂര വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി

ശ്രീമതി ഉമ തോമസ്: സംസ്ഥാനത്തെ വിദൂര വിദ്യാഭ്യാസം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ നാല് റെഗുലർ യൂണിവേഴ്സിറ്റികളിലായി പഠനം നടത്തിവന്നിരുന്ന വിദ്യാർത്ഥികളെ ഒരു

ഓപ്പൺ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാത്രമാക്കി പരിമിതപ്പെടുത്തിയ നടപടി വിദ്യാർത്ഥികളുടെ ചോയ്സ് അനുസരിച്ച് പഠിക്കാനുള്ള അവസരമാണ് നഷ്ടപ്പെടുത്തുന്നത്. റെഗുലർ യൂണിവേഴ്സിറ്റികളിലുണ്ടായിരുന്നതിനെക്കാൾ ഇരട്ടി ഫീസാണ് ഓപ്പൺ യൂണിവേഴ്സിറ്റിയിലുള്ളത്. റെഗുലർ യൂണിവേഴ്സിറ്റികളുടെ സർട്ടിഫിക്കറ്റിനെ അപേക്ഷിച്ച് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റിന് വാലിഡിറ്റിയും കുറവാണ്. അതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2022-23 അദ്ധ്യയനവർഷത്തിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 5 യു.ജി. പ്രോഗ്രാമുകൾക്കും 2 പി.ജി. പ്രോഗ്രാമുകൾക്കുമാണ് യു.ജി.സി. അനുമതി നൽകിയിരുന്നത്. കഴിഞ്ഞ അദ്ധ്യയനവർഷം 5400 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിരുന്നത്. ഈ വർഷം സർവ്വകലാശാലയ്ക്ക് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്നും 22 ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് പ്രവേശന അറിയിപ്പ് നൽകിയിരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ സർക്കാർ അനുവദിച്ച കോളേജുകൾ പഠന കേന്ദ്രങ്ങളായിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വഴി

സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ലഭ്യമാക്കുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്.

## IV സബ്മിഷൻ

### (1) പൊന്തൻപുഴ വനമേഖലയിലെ താമസക്കാർക്ക് പട്ടയം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): മണിമല പഞ്ചായത്തിലെ പൊന്തൻപുഴ വനത്തിനോട് ചേർന്ന് കിടക്കുന്ന വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന 668 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പെരുമാട്ടിയിലും പൊന്തൻപുഴയിലും കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തടസ്സമായി നിൽക്കുന്നത് സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളാണ്. റിസർവ് വനഭൂമി അളന്ന് തിരിച്ചാൽമാത്രമേ കൈവശക്കാർക്ക് പട്ടയം നൽകാൻ കഴിയൂ. സുപ്രീംകോടതിയുടെ അന്തിമ വിധിക്കുശേഷമേ പട്ടയ അപേക്ഷകൾ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കുന്ന കാര്യത്തിലും അഡ്വക്കേറ്റ് ജനറലും ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് കോടതിയിൽ കേസ് നിലനിൽക്കെതന്നെ സർവ്വേ നടപടികൾ ആരംഭിക്കാൻ കഴിയുമോ എന്ന കാര്യത്തിലും തീരുമാനമുണ്ടാക്കുന്നതാണ്.

(2) തൃക്കരിപ്പൂരിലെ പുഴ പുറമ്പോക്കുകളിലെ കൈവശക്കാർക്ക് പട്ടയം

ശ്രീ. എം. രാജഗോപാലൻ: തൃക്കരിപ്പൂരിലെ പുഴ പുറമ്പോക്കുകളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 67 കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചുനൽകാനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്യേണ്ട ഭൂമിയെ സംബന്ധിച്ച് വകുപ്പുമന്ത്രിയുമായി കൂടിയാലോചനകൾ നടത്തി കോർ കമ്മിറ്റി രൂപീകരിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. നീലേശ്വരം നഗരസഭാ പരിധിയിലെയും ചെറുവത്തൂർ, പടന്ന, വലിയപറമ്പ, തൃക്കരിപ്പൂർ, കയ്യൂർ, ചീമേനി പഞ്ചായത്തുകളിലെയും പുഴ പുറമ്പോക്ക് പതിച്ചുനൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി വിവരശേഖരണം നടത്തി അർഹത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) കുണ്ടൻചാൽ തട്ട് കോളനി സംരക്ഷണം

ശ്രീ. കെ. വി. സുമേഷ്: അഴിക്കോട് നിയോജകമണ്ഡലത്തിലെ ചിറക്കൽ പഞ്ചായത്തിലെ ചിറക്കൽ വില്ലേജിലെ കുണ്ടൻചാൽ തട്ട് കോളനിയിലെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകിയ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ കുണ്ടൻചാൽ തട്ട് കോളനിയിലെ മണ്ണിടിച്ചിലിന് പരിഹാരം കാണാനായി എൻ.ഐ.ടി., കോഴിക്കോട് പഠനം നടത്തുകയും പ്രദേശത്തെ ആളുകളെ സുരക്ഷിത സ്ഥലത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതാണ് ഉചിതമെന്ന് റിപ്പോർട്ട്

ലഭിച്ചതിനെത്തുടർന്ന് മാറിത്താമസിക്കുന്ന ഓരോ കുടുംബത്തിനും വാടകയിനത്തിൽ 10,000/- രൂപ ചിറക്കൽ ഗ്രാമപഞ്ചായത്ത് മുഖാന്തരം അനുവദിക്കുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം 6 കുടുംബങ്ങളെ താൽക്കാലികമായി മാറ്റി താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തരസാഹചര്യങ്ങളിൽ പ്രദേശത്തുനിന്നും സുരക്ഷിത സ്ഥലത്തേയ്ക്ക് മാറി താമസിക്കുന്നതിന് ക്യാമ്പുകൾ സജ്ജമാക്കുകയും അടിയന്തരമായി മാറ്റി താമസിപ്പിക്കേണ്ട 8 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

(4) ഇരിക്കൂറിൽ ഫോറസ്റ്റ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്നതിനും വനാതിർത്തികളിൽ ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകൾ തളിപ്പറമ്പ് റേഞ്ചിലെ വനാതിർത്തി പങ്കിടുന്നവയാണ്. ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഡ്രൈവർ, വാച്ചർ എന്നീ

തസ്തികകളിലായി 29 പേർ ജോലി ചെയ്തുവരുന്ന തളിപ്പറമ്പിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിക്കാനും ആർ.ആർ.ടി.-കളുടെ എണ്ണം വർദ്ധിപ്പിക്കാനുമാണുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വനാതിർത്തികളിലെ പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) കുറ്റ്യാടിയിലെ വൈദ്യുതിക്ഷാമം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനും മണിയൂർ പഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണത്തിന് തുടർനടപടി കൈക്കൊള്ളുന്നതാണ്. തിരുവള്ളൂരിൽ നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി

16 എം.വി.എ. ആയി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിവരുന്ന സാങ്കേതികപഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) പേരാമ്പ്ര ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടനിർമ്മാണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: പേരാമ്പ്ര ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ വില്ലേജിൽ വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിക്കിട്ടിയ നാലേക്കർ സ്ഥലത്ത് പേരാമ്പ്ര ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിച്ച് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർക്ക് സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ കെട്ടിടനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് മൂന്നുതവണ ലേലനടപടികൾ സ്വീകരിച്ചുവെങ്കിലും സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ച മതിപ്പുവിലയ്ക്ക് ലേലംകൊള്ളാൻ ആരും തയ്യാറായില്ല. മരങ്ങൾ

മുറിച്ചുമാറ്റുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പുമന്ത്രിയുടെ ഇടപെടൽകൂടി ഉറപ്പുവരുത്തേണ്ടതാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രസ്തുത സ്ഥലത്തെ മുറിച്ചുമാറ്റേണ്ട മരങ്ങളുടെ വില നിർണ്ണയിക്കുന്നതിലാണ് കാലതാമസം വരുന്നത്. ടെണ്ടർ നടപടിക്രമങ്ങൾ ലഘൂകരിച്ച് മരങ്ങൾ മുറിച്ച് അടുത്തുള്ള ഡിപ്പോയിൽ എത്തിച്ച് ലേലം ചെയ്ത് ലഭിക്കുന്ന തുക ഉടമസ്ഥന് നൽകാമെന്നുള്ള നിർദ്ദേശം വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

(7) ആലുവ ടൗണിലെ ഗതാഗതക്കുരുക്ക്

ശ്രീ. അൻവർ സാദത്ത്: ആലുവ കാരോത്തുകുഴി മാർക്കറ്റ് റോഡ് വീതികൂട്ടി ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണാൻ ടി റോഡ് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലമേറ്റെടുക്കലുൾപ്പെടെ 10 കോടി രൂപ ആവശ്യമാണ്. ടി പ്രവൃത്തിക്കായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വച്ചിട്ടുള്ളൂ എന്നതിനാൽ

ധനലഭ്യതയനുസരിച്ച് ഈ പദ്ധതി ഏത് തരത്തിൽ നടപ്പിലാക്കാൻ കഴിയുമെന്ന് പരിശോധിക്കാം.

(8) പെരുമ്പാവൂരിലെ റോഡുകൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂരിലെ റോഡുകൾ ബി.എം.& ബി.സി. നിലവാരത്തിലേക്കുയർത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ 98.665 കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലുള്ളവയാണ്. രണ്ടേകാൽ വർഷംകൊണ്ട് സംസ്ഥാനത്ത് 15000 കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തുകയും 1643.57 ലക്ഷം രൂപയുടെ ബി.എം.&ബി.സി. ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് എ.എസ്. നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

(9) എൻ.എച്ച്. 66 വികസനം

ശ്രീ. പി. അബ്ദുൽ ഹമീദ്: ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇടിമൂഴിക്കൽ മുതൽ

തലപ്പാറ വരെയുള്ള ഭാഗങ്ങളിൽ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ക്രോസ് കലുങ്കുകൾമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പുതിയ ലീനിയേജ് ഡ്രെയിനേജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെള്ളത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ ആവശ്യമായ പാലങ്ങളും കൾവർട്ടുകളും ഓടകളും ഡിസൈനിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിർമ്മാണം പൂർത്തിയായതിനുശേഷം വെള്ളം ജനവാസമേഖലയിലേയ്ക്ക് ഒഴുകി പ്രശ്നം സൃഷ്ടിക്കാൻ സാധ്യതയില്ലെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ വെള്ളക്കെട്ടടക്കമുള്ള കാര്യങ്ങൾ പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി വിഷയവും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

(10) ചെറൂപ്പ സി.എച്ച്.സി. യുടെ പ്രവർത്തനം

ശ്രീ. പി. ടി. എ. റഹീം: ചെറൂപ്പ സി.എച്ച്.സി. യുടെ പ്രവർത്തനം 24 മണിക്കൂറാക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഫണ്ട്

ചെലവഴിക്കുന്നതിനുള്ള നിയന്ത്രണം എടുത്തുകളയുന്നതിനും സബ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യമില്ലാതെ ഹൗസ് സർജൻമാരെ നൈറ്റ് ഡ്യൂട്ടിക്ക് നിയോഗിക്കാൻ പാടില്ലെന്ന നിർദ്ദേശത്തെത്തുടർന്നാണ് ചെറൂപ്പ ഹെൽത്ത് സെന്ററിൽ കാഷ്വാലിറ്റി സേവനം 24 മണിക്കൂർ നടത്തുന്നതിൽ തടസ്സം നേരിട്ടത്. ഒഴിവുള്ള അസിസ്റ്റന്റ് സർജൻ/സിവിൽ സർജൻ തസ്തികയിൽ എൻ.എച്ച്.എം. മുഖേന നിയമനം നടത്തിയതിനെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും രണ്ട് ഹൗസ് സർജൻമാരെ നിയോഗിക്കുകയും ഒ.പി. സമയം 6 മണി വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചെറൂപ്പയിലെ ആരോഗ്യകേന്ദ്രത്തിന്റെ നിയന്ത്രണം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകാനും അക്കാഡമിക് നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലനിർത്താനും ഹെൽത്ത് സെന്ററിനെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ അറ്റാച്ച് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ചെറൂപ്പ ഹെൽത്ത് സെന്ററിൽനിന്ന് മറ്റ് സ്ഥലങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത

തസ്തികകൾ തിരികെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 (ചട്ടം 47(2)), ലിസ്റ്റ് 3 (ചട്ടം 236(5)), ലിസ്റ്റ് 4 (ചട്ടം 236(6)) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 ആഗസ്റ്റ് 9 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## VII. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടും നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക്

കമ്മിറ്റിയുടെ റിപ്പോർട്ടും സമർപ്പിച്ചു.

## VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX അറിയിപ്പ്

### കേരളീയം 2023

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ ഒരാഴ്ചക്കാലയളവിൽ കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെയും വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളെയും മുന്നോട്ടുള്ള സാധ്യതകളെയും കുറിച്ചുള്ള സംവാദങ്ങളും നമ്മുടെ തനത് വിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കാർഷിക വ്യവസായ പുരോഗതിയെയും നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങളെയും വിളിച്ചറിയിക്കുന്ന പ്രദർശനങ്ങളും സംഘടിപ്പിക്കാനുദ്ദേശിക്കുന്നു. 'കേരളീയം 2023' എന്ന ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് മുഖ്യമന്ത്രി, മന്ത്രിമാർ, ബഹുമാന്യരായ നിയമസഭാ സ്പീക്കർ, പ്രതിപക്ഷനേതാവ്, മുൻ മുഖ്യമന്ത്രിമാരായ സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, എ. കെ. ആന്റണി എന്നിവരെയും തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ.-മാർ, എം.പി.-

മാർ, മറ്റ് ജനപ്രതിനിധികൾ, കലാ സാംസ്കാരികരംഗത്തെ പ്രമുഖർ എന്നിവരെയും ഉൾപ്പെടുത്തികൊണ്ട് സംഘാടക സമിതി രൂപീകരിക്കാനും ടി സമിതിയുടെ യോഗം 2023 ആഗസ്റ്റ് 14-ന് നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ചേരുവാനും ഉദ്ദേശിക്കുന്നു. 'കേരളീയം 2023'-ന്റെ ഭാഗമായി ലോകപ്രശസ്തരായ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് കേരളം കൈവരിച്ച പുരോഗതിയും നിലവിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളും നവകേരള സൃഷ്ടിക്കായി നടന്ന ശ്രമങ്ങളും വിശകലനവിധേയമാക്കിക്കൊണ്ടുള്ള സംവാദങ്ങളും സമസ്ത മേഖലകളെയും സ്പർശിക്കുന്ന തരത്തിലുള്ള സെമിനാറുകളും സംഘടിപ്പിക്കുന്നതും അതിൽനിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് നവകേരളത്തിന്റെ പരിപ്രേക്ഷ്യം അവതരിപ്പിക്കുന്നതുമാണ്. കൂടാതെ വിവിധ കലാരൂപങ്ങളുടെ അവതരണവും സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള കലാപ്രദർശനവും തിരുവനന്തപുരം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള സ്ഥലങ്ങളിൽ ദീപാലങ്കാരവും പുസ്തകോത്സവം, ചലച്ചിത്രോത്സവം, പുഷ്പമേള എന്നിവയും ഉണ്ടായിരിക്കുന്നതാണ്. 'കേരളീയം 2023'-ന്റെ വിജയകരമായ നടത്തിപ്പിനായി എല്ലാവരും മികച്ച രീതിയിലുള്ള സഹായസഹകരണങ്ങളും

വിലപ്പെട്ട നിർദ്ദേശങ്ങളും ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## X ഗവൺമെന്റ് പ്രമേയം (ചട്ടം 118 പ്രകാരമുള്ളത്)

### സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും 'കേരളം' എന്നാക്കി മാറ്റൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ 'കേരളം' എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവി ദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യ കേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യ സമരകാലം മുതൽ ശക്തിയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് 'കേരളം' എന്നാക്കി ഭേദഗതിപ്പെടുത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്നും ഭരണഘടനയുടെ 8-ാം പട്ടികയിൽ പറയുന്ന എല്ലാ ഭാഷകളിലും നമ്മുടെ നാട് 'കേരളം' എന്ന പേരിൽ മാറ്റണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## XI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ നിലവിലുള്ള വർഷാശനത്തിന്റെ മൂന്നിരട്ടിയായ 1,75,500/- രൂപ വീതം പത്തുവർഷക്കാലത്തേയ്ക്ക് വർദ്ധിപ്പിച്ചുനൽകാനും തുടർന്ന് തുക പുനർനിശ്ചയിച്ച് നൽകാനും സർക്കാരിന് അധികാരം നൽകുന്ന ഭേദഗതി 6-ാം വകുപ്പിൽ ഉൾപ്പെടുത്തുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. ജോയി): 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന വർഷാശനം 58,500/- രൂപയെന്നത് മൂന്നിരട്ടിയായി വർദ്ധിപ്പിച്ച് വരുന്ന പത്ത് വർഷത്തേയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ടാണ് പ്രസ്തുത ഭേദഗതി ബിൽ

അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളുടെ നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കണം. ദേവസ്വം ബോർഡുകളുടെ പ്രവർത്തനം സുതാര്യവും ജനകീയവുമാകണം. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. പി. അനിൽകുമാർ): 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം 58,500/- രൂപയെന്നത് മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്ന ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഭൂപരിഷ്കരണ നിയമത്തിന്റെ വകുപ്പ് 72-ൽ പരാമർശിക്കുന്ന ഭൂമി നിക്ഷിപ്തമാക്കലിൽ പണ്ടാരവക ഭൂമികൾ ഉൾപ്പെടുന്നുണ്ട്. അതിനാൽ നിലവിലെ ഭേദഗതിയിൽ ഇതുകൂടി ഉൾപ്പെടുമോയെന്ന് വ്യക്തമാക്കണം. ദേശീയപാതാ വികസനത്തിന് ക്ഷേത്ര ഭൂമി വിട്ടുനൽകിയതിനുള്ള നഷ്ടപരിഹാരം ദേവസ്വം ബോർഡിന് നൽകുന്നതിന് നടപടി സ്വീകരിക്കണം. നിത്യപൂജാ സാധനങ്ങൾ വിതരണം

ചെയ്ത ഇനത്തിലുള്ള തുക കുടിശ്ശികയായതിനാൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് കൺസ്യൂമർഫെഡ് സാധനങ്ങൾ നൽകില്ലെന്ന പത്രവാർത്ത സംബന്ധിച്ച് പരിശോധിക്കണം. കോവിഡാനന്തര പ്രതിസന്ധി പരിഗണിച്ച് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഗവൺമെന്റ് പലതവണയായി അനുവദിച്ച 11.7 കോടി രൂപ എഴുതിത്തള്ളണമെന്ന ഭരണസമിതിയുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണം. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കുകയും മൂന്ന് വർഷം മുമ്പ് പ്രഖ്യാപിച്ച ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും വേണം. ദേവസ്വം ബോർഡ് കോളേജ് നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തണം.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വർഷാശനം വാങ്ങാവുന്ന വിധത്തിൽ ക്ഷേത്ര സ്വത്തുക്കൾ സർക്കാരിൽ നിക്ഷിപ്തമാകാത്ത സാഹചര്യത്തിൽ ഭൂമിയുടെ ഉടമസ്ഥത ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 1971-ൽ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ട് കൊണ്ടുവന്നത്. ക്ഷേത്രത്തിന് അവകാശികളില്ലാതായിത്തീരുന്ന സാഹചര്യത്തിൽ ഉടമാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുവേണ്ടി

നഷ്ടപ്രതിഫലമായി ക്ഷേത്രത്തിന് വർഷാരംഭത്തിൽ വർഷാശനമായി നൽകിയിരുന്ന തുക 1,75,500/- രൂപയാക്കി വർദ്ധിപ്പിക്കുകയും പത്ത് വർഷം തുടർച്ചയായി സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തുക നൽകണമെന്നും അതിനുശേഷം പ്രത്യേകമായി ശതമാനം രേഖപ്പെടുത്താതെ സർക്കാരിന്റെ ഇച്ഛയ്ക്കനുസരിച്ച് വർദ്ധിപ്പിക്കാമെന്നുമുള്ള ഭേദഗതിയാണ് ബില്ലിൽ കൊണ്ടുവരുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) <u>2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ</u>

<u>തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്)</u>: 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ

അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും സഹായകരമായിട്ടുള്ള രീതിയിൽ സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ഡീക്രിമിനലൈസ് ചെയ്യുകയെന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. കേരള അബ്കാരി ആക്ടിലെ 55(എച്ച്), 55(ഐ) വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഡീക്രിമിനലൈസ് ചെയ്ത് ഈ രണ്ടു വകുപ്പുകളും കോമ്പൗണ്ട് ചെയ്ത് 67(എ) വകുപ്പുപ്രകാരം പിഴ 50000 രൂപ വരെ വർദ്ധിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഭേദഗതിയാണ് ഈ ബില്ലിലൂടെ

അവതരിപ്പിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടിയെന്ന പേരിൽ സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യുന്നതിലൂടെ പണം സംഭരിക്കുകയെന്ന തെറ്റായ സമീപനമാണ് സർക്കാരിനുള്ളത്. വ്യാജകള്ളും മദ്യവും വ്യാപകമായി വിൽക്കുന്നതിന് സർക്കാർ കൂട്ടുനിൽക്കുകയാണ്. സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നും വ്യാപകമാകുന്നതിലൂടെ നമ്മുടെ യുവതലമുറ കൈവിട്ടുപോകുന്ന ഗുരുതരമായ അവസ്ഥയാണ് സംജാതമാകാൻ പോകുന്നത്. മദ്യത്തിനും ലഹരിക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടികളെടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ബാലചന്ദ്രൻ: 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മദ്യ വ്യവസായ മേഖലയിൽ പുതിയ സംരംഭകരെ

പ്രോത്സാഹിപ്പിക്കുന്നതിനായി ക്രമീകരണങ്ങൾ കൊണ്ടുവരികയാണ് ഈ ബില്ലിന്റെ ലക്ഷ്യം. മദ്യവർജ്ജനത്തിനായി സ്കൂളുകൾ/ സർവ്വകലാശാലകൾ/ കോളേജുകൾ കേന്ദ്രീകരിച്ച് വിവിധ സന്നദ്ധസംഘടനകളെ ഏകോപിപ്പിച്ച് ലഹരി ഉപയോഗത്തിൽനിന്നും സമൂഹത്തെ രക്ഷിക്കാനുള്ള ദൗത്യവും ബില്ലിൽ വിഭാവനം ചെയ്തിട്ടുണ്ട്. യുവതലമുറ ലഹരിക്ക് അടിമയാകുന്ന വിഷയം പരിശോധനാവിധേയമാക്കണം. ടോഡി ബോർഡ് പുനഃസംഘടിപ്പിച്ച് ക്ഷേമനിധി ആനുകൂല്യങ്ങൾ ഉറപ്പുവരുത്തി തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടി ബില്ലിൽ ഉൾപ്പെടുത്തണം. കള്ളിനും വൈനറിക്കും ബ്രൂവറിക്കും പ്രാധാന്യം നൽകിയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ പ്രസക്തി കുറച്ചുകൊണ്ടും സമൂഹത്തിന് ദോഷം വരാത്ത രീതിയിൽ മദ്യനയം രൂപീകരിക്കുന്നതോടൊപ്പം പഴങ്ങൾ ഉപയോഗപ്പെടുത്തി വീര്യമില്ലാത്ത വൈനുകൾ ഉത്പാദിപ്പിക്കാനുള്ള സംരംഭകത്വത്തിന് നേതൃത്വം നൽകാനും കള്ള് ഷാപ്പുകളെ ആധുനികവത്കരിക്കുന്നതിനും ടൂറിസത്തിന്റെ സാധ്യതകൂടി പ്രയോജനപ്പെടുത്തി കള്ളിനെ മൂല്യവർദ്ധിത ഉത്പന്നമാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് പ്രതിപക്ഷ അംഗം സംസാരിച്ചത്. അബ്കാരി നിയമത്തിലെ 55 (എച്ച്), (ഐ) വ്യവസ്ഥകൾ

പ്രകാരം നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് ഡീക്രിമിനലൈസ് ചെയ്യുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി രാജ്യത്താകമാനം സംസ്ഥാന/കേന്ദ്ര സർക്കാരുകൾ ഇത്തരത്തിലുള്ള വ്യവസ്ഥകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സർക്കാരിന്റെ കാലത്ത് ലഹരിയുടെ വ്യാപനം തടയുന്നതിനുവേണ്ടി ശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്.

എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെട്ടതിന്റെ ഫലമായാണ് സംസ്ഥാനത്ത് ലഹരി വസ്തുക്കൾ വലിയ തോതിൽ പിടിച്ചെടുക്കാൻ സാധിച്ചത്. തെങ്ങിൽനിന്നുള്ള കള്ളിന്റെ അളവിനെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി പുനർനിർണ്ണയിക്കാനും അധികം വരുന്ന കള്ള് ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാനും മദ്യനയത്തിൽ തീരുമാനിച്ചിട്ടുണ്ട്. മദ്യനയം സുതാര്യമാക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം മുതൽ കള്ള് വിൽപ്പന പൂർണ്ണമായും ഓൺലൈനാക്കാനും ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് കള്ള് കൊണ്ടുപോകുന്ന അവസരത്തിൽ ക്രമക്കേടുകൾ ഒഴിവാക്കാൻ വാഹനങ്ങളിൽ ട്രാക്ക് ആൻഡ് ട്രെയ്സ്, ജി.പി.എസ്. സംവിധാനങ്ങൾ ഏർപ്പെടുത്താനും കള്ള് ഷാപ്പുകൾ നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ടോഡി ബോർഡ് സ്ഥാപിക്കുന്നതിനും ഗുണമേന്മയുള്ള മദ്യം ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iii) <u>2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. ചെയർമാൻ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജി.എസ്.ടി. നിലവിൽ വന്നെങ്കിലും രാജ്യത്ത് അപ്പീൽ നൽകുന്നതിനുള്ള ട്രിബ്യൂണലുകൾ സ്ഥാപിച്ചിരുന്നില്ല. 2017-ലെ സി.ജി.എസ്.ടി. ആക്ട് അനുസരിച്ചുള്ള നിയമം പുന:പരിഷ്കരിച്ച് സംസ്ഥാനത്ത് മൂന്ന് ട്രിബ്യൂണലുകൾ അനുവദിക്കുകയും ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് ബെഞ്ചുകൾ ആരംഭിക്കാനും തീരുമാനിച്ചു. എന്നാൽ കേന്ദ്ര നിയമത്തിനനുസൃതമായി സംസ്ഥാനത്തെ നിയമത്തിൽ അമെന്റ്മെന്റ് കൊണ്ടുവരുന്നതിനും വ്യാപാരികൾ റിട്ടേൺ സമർപ്പിക്കാൻ വൈകുന്നതുകാരണം രജിസ്ട്രേഷൻ റദ്ദാക്കുന്ന നടപടിയുടെ സമയപരിധി 60 ദിവസമായി ദീർഘിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

Shri Thiruvanchoor Radhakrishnan: I move that -

"This House resolves to disapprove the Kerala Taxation Laws (Amendment) Ordinance, 2023 (Ordinance No. 2 of 2023)."

സംസ്ഥാന സർക്കാർ മുമ്പെങ്ങുമില്ലാത്തവിധം സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. നികുതി പിരിവിലെ കെടുകാര്യസ്ഥതയെ സംബന്ധിച്ചും നികുതി ഭരണ സംവിധാനത്തിലെ പാളിച്ചകളെപ്പറ്റിയും സർക്കാർ ഗൗരവമായി ആലോചിക്കാത്തത് ദൗർഭാഗ്യകരമാണ്. നികുതി വരുമാന വർദ്ധനവ് ശരാശരി 10 ശതമാനത്തിൽ താഴെയാണെന്നുമാത്രമല്ല എല്ലാ മേഖലയിലും നികുതി വെട്ടിപ്പ് നിലനിൽക്കുകയുമാണ്. നികുതിശോഷണം തടയുന്നതിന് നടപടി സ്വീകരിക്കണം. ഇ-വേ ബിൽ, TDS, TCS ഡാറ്റ അനലൈസ് ചെയ്ത് റിട്ടേൺ കൃത്യമായി ഫയൽ ചെയ്യാത്തവരെ കണ്ടെത്തണം. നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക അടിയന്തരമായി പിരിച്ചെടുക്കണം. വിഭവ സമാഹരണം നടത്താതെ കടമെടുപ്പിനെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകുന്ന രീതിക്ക് മാറ്റം വരുത്തണം. നിർമ്മാണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് യഥാസമയം ലഭ്യമാക്കണം. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുന്നതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. കേരള ഫ്ലഡ് സെസ്സ് പിരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കണം. വീട് വയ്ക്കുന്നതിനുള്ള പെർമിറ്റ് ഫീസ് വർദ്ധനവ് പുന:പരിശോധിക്കണം. പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ അധിക സെസ്സ് പിൻവലിക്കണം.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): നിരാകരണപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വരുമാന വർദ്ധനവിനും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം. 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്ടും 2023-ലെ കേരള ധനകാര്യ ആക്ടും ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുന്നതിന് കൊണ്ടുവന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ജി.എസ്.ടി. നടപ്പാക്കിയ സാഹചര്യത്തിൽ ഘടനാപരമായ മാറ്റങ്ങളും പരിഷ്കാരങ്ങളും നികുതി വകുപ്പിൽ വരുത്തേണ്ടത് അനിവാര്യമാണ്. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന് ലഭിക്കേണ്ട വരുമാനം ലഭ്യമാക്കാനും ജി.എസ്.ടി. വകുപ്പിന്റെ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്താനും നികുതി ചോർച്ച, വെട്ടിപ്പ് എന്നിവ തടയാനും നടപടി സ്വീകരിക്കണം. കിഫ്ബിയിലൂടെ ചെലവഴിക്കുന്ന പണം വരുമാന

വർദ്ധനവിനുതകുന്ന പ്രോജക്ടുകളിൽ നിക്ഷേപിക്കണം. ശമ്പളവും പെൻഷനും മറ്റ് ദൈനംദിന ചെലവുകളും നിർവ്വഹിക്കുന്നതിന് നികുതിയേതര വരുമാനം ഉപയോഗപ്പെടുത്തണം. ലാൻഡ് റവന്യൂ, ഭൂമി രജിസ്ട്രേഷൻ, വിൽപ്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവയിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കുകയും മുടങ്ങിക്കിടക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുകയും വേണം. മാലിന്യസംസ്കരണത്തിനും എ.ബി.സി. കേന്ദ്രങ്ങളുടെ നടത്തിപ്പിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി തുക അനുവദിക്കുകയും ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കുകയും വേണം. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും ആനുകൂല്യങ്ങൾ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണം. നെല്ലിന്റെ സംഭരണവില കർഷകർക്ക് യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കർഷകക്ഷേമനിധി ബോർഡിന്റെ ആനുകൂല്യവിതരണം എത്രയും വേഗം നടപ്പാക്കണം. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയും റേഷൻകടക്കാരുടെ കമ്മീഷൻ കുടിശ്ശികയും നൽകാൻ നടപടി സ്വീകരിക്കണം. സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകിയ വകയിൽ

പ്രഥമാദ്ധ്യാപകർക്കും പാചകത്തൊഴിലാളികൾക്കും കൊടുക്കാനുള്ള തുക നൽകാൻ നടപടി സ്വീകരിക്കണം. കാരുണ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തീർക്കാൻ കൂടുതൽ തുക അനുവദിക്കുന്നതോടൊപ്പം ഈ സാമ്പത്തിക വർഷം തുക അനുവദിക്കാത്ത 12 സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് തുക അനുവദിക്കുകയും ചെയ്യണം. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക സമയബന്ധിതമായി വിതരണം ചെയ്യണം. നികുതി പിരിവ് കാര്യക്ഷമമാക്കാനും നികുതി ചോർച്ച തടയാനും ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ഖജനാവിലേയ്ക്ക് കൂടുതൽ വരുമാനം എത്തിക്കുന്നതിനുമുള്ള ഫലപ്രദമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. നന്ദകുമാർ): 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയും പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയും കൂടുതൽ സ്റ്റാഫിനെ നിയമിച്ചും സംസ്ഥാനത്തിന്റെ

നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. VAT പിരിവിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനം മുൻപന്തിയിലാണ്. സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ചും അർഹമായ നികുതി വിഹിതം നൽകാതെയും സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുന്ന കേന്ദ്രസർക്കാർ നിലപാട് തിരുത്താൻ തയ്യാറാകണം. വിലക്കയറ്റം നിയന്ത്രിക്കാനും നികുതിപിരിവിൽ മെച്ചപ്പെട്ട മാറ്റമുണ്ടാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂൺ (ജിസ്റ്റാറ്റ്) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 49-ാം ജി.എസ്.ടി. കൗൺസിൽ നൽകിയ നിർദ്ദേശം അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ഈ ഭേദഗതി. ജി.എസ്.ടി. ഗുണകരമായി മാറ്റാൻ കഴിയുംവിധം റീ-സ്ട്രക്ച്ചറിംഗിനുള്ള പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിക്കണം. സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അത് ലഭിക്കാൻ വേണ്ടിയുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ കഴിഞ്ഞോയെന്ന് പരിശോധിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജി.എസ്.ടി. രംഗത്തുള്ള കേസുകൾ തീർപ്പാക്കാൻ വ്യാപാരികൾക്ക് സഹായകരമായ ട്രിബ്യൂണൽ വരുന്നു എന്നതാണ് ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് ഇന്ത്യൻ വാണിജ്യ വ്യാപാര രംഗത്ത് വലിയ ഇടപെടലുണ്ടാക്കുന്ന ഒരു ബില്ലാണ്. ഈ ഭേദഗതി വരുന്നതോടുകൂടി വ്യാപാരികളുടെ ന്യായമായ പ്രശ്നങ്ങളും പരാതികളും പരിഹരിക്കപ്പെടും. നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വരുന്ന പോരായ്മ കാരണം രജിസ്ട്രേഷൻ ക്യാൻസലാകുന്ന വ്യാപാരികൾക്ക് 30 ദിവസം കൂടി അധികം ലഭിക്കുന്നത് ഈ ബില്ലിന്റെ ഒരു പ്രത്യേകതയാണ്. ഇന്ത്യയിലാദ്യമായി നികുതിഘടനയിൽ മൂന്ന് വിഭാഗങ്ങളിലായി വകുപ്പുകൾ പുന:സംഘടിപ്പിച്ചത് കേരളത്തിലാണ്. പുതിയ നികുതി സമ്പ്രദായം നിലവിൽ വന്നതോടെ നികുതിവെട്ടിപ്പിൽ കുറവ് വന്നിട്ടുണ്ട്. ഓൺലൈൻ ട്രേഡിംഗിന് നികുതി ഈടാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാനത്തിനകത്ത് നടത്തുന്ന രണ്ട് ലക്ഷം രൂപയ്ക്കുമുകളിലുള്ള സ്വർണ്ണ വ്യാപാരത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. മറ്റ്

സംസ്ഥാനങ്ങളിൽനിന്നും ഡീസൽ കടത്തിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പബ്ലിക് അഫയേഴ്സ് ഇൻഡെക്സിലും നീതി ആയോഗിന്റെ സൂചികയിലും ഒന്നാം സ്ഥാനത്തെത്താനും ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മെച്ചപ്പെട്ട അവസ്ഥ കൈവരിക്കാനുമായിട്ടുണ്ട്. സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽ നാൽപ്പതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും സ്കൂൾ മേഖലയിൽ ആറായിരത്തോളം തസ്തികകൾക്ക് അംഗീകാരം ലഭ്യമാക്കുകയും നിരവധി പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ആഭ്യന്തര വരുമാനത്തിൽ 26000 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിന് 1800 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വരുന്ന ഓണക്കാലത്ത് 1500 കൺസ്യൂമർഫെഡ് ചന്തകൾ ആരംഭിക്കുന്നതാണ്. ഭക്ഷ്യസുരക്ഷയുടെ ഭാഗമായി നെൽകർഷകർക്ക് 1000 കോടിയോളം രൂപ സർക്കാർ അനുവദിക്കുന്നുണ്ട്. കശുവണ്ടി മേഖലയിൽ പുതിയൊരു പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ-ശാസ്ത്ര ഗവേഷണ മേഖലകളിൽ ജോലി സാധ്യതകൾ വർദ്ധിപ്പിക്കാനാവശ്യമായ

പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്പൈസസ് എക്സ്ട്രാക്ട് എക്സ്പോർട്ടിംഗിലും ബ്ലഡ് ബാഗ്, കൃത്രിമ പല്ലുകൾ എന്നിവ ഉല്പാദിപ്പിക്കുന്നതിലും ലോകത്തിലെ മുൻനിര കമ്പനികൾ പ്രവർത്തിക്കുന്നത് കേരളത്തിലാണെന്നത് അഭിമാനകരമാണ്. അർഹതപ്പെട്ട വിഹിതം നൽകാതെ സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെതിരെ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി പ്രതിഷേധിക്കണം. കച്ചവടക്കാർക്ക് സഹായകരമായിട്ടുള്ള നിലപാടെടുക്കാനാണ് നികുതി നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു.

*******